## വാർത്താക്കുറിപ്പ്

**നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് – അപേക്ഷകൾ ക്ഷണിക്കുന്നു**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസി മലയാളികളുടെ മക്കൾക്കും തിരികെയെത്തിയ പ്രവാസികളുടെ മക്കൾക്കും ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനുള്ള നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു.

കുറഞ്ഞത് രണ്ട് വർഷം വിദേശത്ത് ജോലി ചെയ്തിട്ടുള്ള താഴ്ന്ന വരുമാനക്കാരായ പ്രവാസി കേരളീയരുടെ (വാർഷിക വരുമാനം 3 ലക്ഷം വരെ ) മക്കളും.തിരികെ എത്തിയ പ്രവാസികളുടെ (വാർഷിക വരുമാനം 3 ലക്ഷം രൂപ വരെ ) കുട്ടികളുമാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായവർ.

ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും ,പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കും **2024–25** അധ്യായന വർഷം ചേർന്ന വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

പഠിക്കുന്ന കോഴ്സിനുവേണ്ട നിശ്ചിത യോഗ്യത പരീക്ഷയിൽ കുറഞ്ഞത് 60 ശതമാനം മാർക്ക് കരസ്ഥമാക്കിയവർക്കായിരിക്കും സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള അർഹത. റെഗുലർ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ. കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച കോഴ്സുകൾക്കും അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കുമായിരിക്കും സ്കോളർഷിപ്പിന് അർഹത

സ്കോളർഷിപ്പ് പദ്ധതിയ്ക്ക് ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത് .അപേക്ഷ സമർപ്പിക്കുന്നതിനായി നോർക്കാ റൂട്ട്സിന്റെ **www.scholarship.norkaroots.org** എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ വിശദവിവരങ്ങൾ 0471-2770528/2770543/2770500 എന്ന നമ്പറിലും നോർക്ക റൂട്ട്സ് ടോൾ ഫ്രീ നമ്പറായ 18004253939 (ഇന്ത്യയിൽ നിന്നും), 00918802012345 (വിദേശത്തു നിന്നും മിസ്ഡ്കോൾ സേവനം) നിന്നും ലഭിക്കും.

**സ്കോളർഷിപ്പിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 30/11/2024 .**

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**